## A.M.M. HIGH SCHOOL

## KARAVALOOR, KOLLAM(Dist), KERALA-691333 Estd.-1951

**No.**

**Date:.........................**

**From**

**SUJA P. MATHEW**

**Headmistress**

**To**

**ജില്ലാ വിദ്യാഭ്യാസ ആഫീസർ**

**പുനലൂർ**

**SUB: അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പണം.**

**Sir / Madam,**

കരവാളൂർ എ.എം.എം. ഹൈസ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ തുടർനടപടിയ്ക്കായി സമർപ്പിക്കുന്നു.

സുജ പി. മാത്യു

ഹെഡ്മിസ്ട്രസ്

(പി.ടി.എ. പ്രസിഡണ്ട്) (മാതൃസംഗമം പ്രസിഡണ്ട്)

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാവിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ

   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികവിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എ.എം.എം. ഹൈസ്കൂൾ<br>കരവാളൂർ, കരവാളൂർ പി. ഒ. |
| ഹെഡ്മിസ്ട്രസ് | : ശ്രീമതി സുജ പി. മാത്യു. **0475 2250085** |
| മാനേജർ | : ശ്രീ. കുരുവിള മാത്യു |
| **SRG** കൺവീനർ | : നിഷ സൂസൻ ജേക്കബ് |
| സ്കൂൾ കോഡ് | : **40016** |
| വിദ്യാഭ്യാസ ഉപജില്ല | : അഞ്ചൽ |
| വിദ്യാഭ്യാസ ജില്ല | : പുനലൂർ |
| റവന്യൂ ജില്ല. | : കൊല്ലം |
| ബി. ആർ.സി | : കരവാളൂർ |
| ഡി. ആർ. സി | : കരവാളൂർ |
| ഗ്രാമപഞ്ചായത്ത് | : കരവാളൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : അഞ്ചൽ |
| ജില്ലാ പഞ്ചായത്ത് | : കൊല്ലം |
| നിയമസഭാമണ്ഡലം | : പുനലൂർ |
| ലോകസഭാമണ്ഡലം | : കൊല്ലം |
| താലൂക്ക് | : പുനലൂർ |
| ഇ-മെയിൽ | : **ammhskaravaloor@gmail.com** |
| സ്കൂൾ സിറ്റി | : കൊല്ലം |

# ആമുഖം

കരവാളൂർ ബഥേൽ മാർത്തോമ്മാ ഇടവകയുടെ സഹായത്തോടുകൂടി ധ്യാനയോഗങ്ങൾ, സുവിശേഷപ്രസംഗങ്ങൾ എന്നിവ നടത്തുന്നതിനുവേണ്ടി പണിത കെട്ടിടം സ്കൂൾ നടത്തുന്നതിന് യോജിച്ച വിധത്തിലായിരുന്നതിനാൽ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും ദീർഘദർശിയായിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെയും ശ്രമഫലമായി 1951 ജൂലൈ 2-ന് എം.ടി. ആന്റ് ഇ.എ. സ്കൂൾസ് മാനേജറുടെ അധീനതയിൽ എ.എം.എം. അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിതമായി. ആക്റ്റിങ് ഹെഡ്മാസ്റ്ററായി ശ്രീ. വൈ. കുഞ്ഞുകുഞ്ഞു പ്രവർത്തിച്ചു. തുടർന്ന് ഹെഡ്മാസ്റ്ററായി ശ്രീ. കെ. പി. തോമസ് നിയമിതനായി. 1904 ഒക്ടോബർ മാസം 24 ന് എബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. പ്രഥമ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി ശ്രീ. എം. ജോൺ സേവനമനുഷ്ഠിച്ചു. ഇപ്പോൾ ശ്രീമതി ഷേർലി മാത്യൂ ഹെഡ്മിസ്ട്രസ് ആയി സേവനമനുഷിഠിച്ചു വരുന്നു.

അക്ഷരനഗരിയുടെ തിലകക്കുറിയായി അറിവിന്റെ വാതായനങ്ങൾ തലമുറകളിലേക്ക് പകർന്നുനൽകി 65 വർഷങ്ങൾ പിന്നിട്ട് ദീപനാളമായി ശോഭിക്കുന്ന ഏബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ഹൈസ്കൂൾ സമസ്ത മേഖലകളിലും ഇന്ന് പ്രശോഭിക്കുകയാണ്. പൊതുവിദ്യാലയങ്ങളെ പ്രാദേശികസമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്ക്കാരികവും ധാർമ്മികവുമായ നേതൃപാടവത്തിലൂടെ കുരുന്നുമനസ്സുകളെ കൈപിടിച്ചുയർത്തുവാൻ സാധ്യമാകുന്നു എന്നത് ശ്ലാഘനീയമാണ്, അക്കാദമിക മികവുകളിലൂടെ നമുക്കു മുന്നേറാൻ കഴിഞ്ഞതിന്റെ നിദർശനമാണ് എസ്.എസ്.എൽ.സി. നൂറു ശതമാനം വിജയവും, കലാ,കായിക,പ്രവൃത്തി,പരിചയ മേളകളിൽ സംസ്ഥാന, ജില്ലാ തലങ്ങളിൽ നാം കൈവരിച്ച നേട്ടങ്ങളും, സംസ്കൃതോത്സവത്തിൽ ജില്ലാതലത്തിൽ നേടിയ മികവുകളും. വളർച്ചയുടെ പടവുകളിലൂടെ അനുസ്യൂതം മുന്നേറിക്കൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മാറുവാൻ കഴിയട്ടെ.

ആകെ കുട്ടികൾ : 580

ആകെ അദ്ധ്യാപകർ : 28

അനദ്ധ്യാപകർ : 3

ഐ.ഇ.ഡി അധ്യാപിക : 1

ആകെ ക്ലാസുകൾ : 19

എസ്.എസ്.എൽ.സി വിജയശതമാനം : 100%

# സ്കൂൾ ചരിത്രം

1984-ൽ ഈ യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ബഥേൽ മാർത്തോമ്മാ ഇടവകാംഗങ്ങളുടെയും നാട്ടുകാരുടേയും അഭ്യുദയകാംക്ഷികളുടെയും സ്വപ്നമായിരുന്ന. ഈ പദ്ധതിയ്ക്കു വേണ്ടി രൂപം കൊടുത്തത് കമ്മറ്റി ഭദ്രാസനാധിപൻ അഭിവന്ദ്യ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത രക്ഷാധികാരിയും, വികാരി ജനറൽ വെരി. റവ. എ.എ. പൈലി പ്രസിഡണ്ടും, ശ്രീ. മാത്തൻ ഇട്ടി വർക്കിങ് പ്രസിഡണ്ടും ശ്രീ. കെ.ബി. ബഞ്ചമിൻ, ശ്രീ. ജി. കിരിയാൻ എന്നിവർ വിവിധ കൺവീനർമാരും റവ. ടി. ശാമുവേൽ, ശ്രീ. എം. ജോൺ, ശ്രീ. കെ. വൈ. ജോൺ കുട്ടി ,ശ്രീ. സി.ടി. ശാമുവേൽ തുടങ്ങിയ കമ്മറ്റി അംഗങ്ങളുമായിരുന്നു. അപ്ഗ്രേഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്തു മെമ്പർ ആയിരുന്ന ശ്രീ. കെ. വൈ. ജോസഫ് കുട്ടിയുടെയും പി.ടി.എ. പ്രസിഡണ്ടുമാരായിരുന്ന ശ്രീ ആർ. രാജൻ, ശ്രീ. കെ. രാമചന്ദ്രൻ നായർ എന്നിവരുടെയും നിരന്തരമായ നിവേദനങ്ങൾ, കൂടിക്കാഴ്ചകൾ എന്നിവയുടെ ഫലമായി ശ്രീ. സാം ഉമ്മൻ എം.എൽ.എ.യുടെ എ.എം.എം.യു.പി.സ്കൂൾ എബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ഹൈസ്കൂളായി പ്രഖ്യാപിച്ചു.

നിലവിലുണ്ടായിരുന്ന ഒന്നരയേക്കർ പുരയിടത്തോടൊപ്പം 152 സെന്റ് സ്ഥലംകൂടി വാങ്ങി സ്കൂൾ ഗ്രൗണ്ട് ഒരുക്കി. ഹൈസ്കൂൾ ക്ലാസുകൾക്കാവശ്യമായ ക്ലാസ്മുറികളും ഫർണിച്ചറുകളും നിർമ്മിച്ചു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി പഠനോപകരണങ്ങൾ ക്രമീകരിച്ചു. ശ്രീ എം. ജോൺ ഹൈസ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്ററായി ചാർജെടുത്തു. അദ്ദേഹത്തിന്റെയും സഹപ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനങ്ങൾ ആദ്യകാലം മുതലേ സ്കൂളിനെ പ്രശസ്തിയിലേക്ക് ഉയർത്തിയിരുന്നു. ശ്രീ. ജോൺ സാറിനെയും സഹപ്രവർത്തകയും നന്ദിയോടെ ഓർക്കുന്നു.

തുടർന്ന് സ്കൂൾ ഗ്രൗണ്ട് ഒരു മിനി സ്റ്റേഡിയമാക്കി രൂപപ്പെടുത്തി. 36 മുറികളുള്ള പുതിയ മൂന്നുനിലകെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുകയും വിവിധ കാലഘട്ടങ്ങളിലായി ആറ് ക്ലാസ്സ് മുറികൾ, കമ്പ്യൂട്ടർ ലാബ് എന്നിവയും പണിയുന്നതിന് കഴിഞ്ഞു. ഡോ. കെ. പി. ചന്ദ്രശേഖരൻ നായർ, യു.എസ്.എ തന്റെ പിതാവായ ശ്രീ. പരമേശ്വരൻ ബി.എ.യുടെ ഓർമ്മയ്ക്കായി ഒരു സയൻസ് ലാബ് പണിത് നൽകുകയുണ്ടായി. കരവാളൂർ മാർത്തോമ്മാ ഇടവക ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനു വേണ്ടിയുള്ള കെട്ടിടവും പണിഞ്ഞുനൽകി. ഇതിനു സഹായിച്ച ഹെഡ്മാസ്റ്റർ ശ്രീ. വർഗ്ഗീസ് മാത്യു, ഇടവകാംഗങ്ങൾ, നാട്ടുകാർ എന്നിവരെ നന്ദിപുരസ്സരം സ്മരിക്കുന്നു.

തുടർന്ന് ചുമതലയേറ്റ പ്രഥമാധ്യാപകർ ഓരോരുത്തരും സ്കൂളിന്റെ പുരോഗതിയുടെ ഭാഗമായി. കാലാകാലങ്ങളിൽ പഠനനിലവാരം മെച്ചപ്പെടുത്തുവാനും കലാകായികരംഗങ്ങളിൽ ഉന്നതസ്ഥാനങ്ങൾ കൈവരിക്കുന്നതിനും അക്ഷീണം പ്രയത്നിച്ചു. കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി അധ്യാപകർ ബസ് വാങ്ങി സ്കൂളിന് നൽകി. ബഥേൽ മാർത്തോമ്മാ ഇടവകാംഗങ്ങൾ സ്കൂൾ കെട്ടിടത്തിന്റെ മൂന്നാംനിലയിൽ പ്ലസ്ടുവിനു വേണ്ടി ക്ലാസ്മുറികൾ ഒരുക്കുന്നതിന് 1 ലക്ഷം രൂപ നൽകി. ഓരോ അവസരങ്ങളിൽ ഇടവകാംഗങ്ങൾ നൽകുന്ന കൈത്താങ്ങുകൾ സ്നേഹപൂർവ്വം ഓർക്കുന്നു.

പ്രഥമാദ്ധ്യാപികയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സുജാ ജോർജ്ജ് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി പുതിയത് പണിതുയർത്തി. ഇതിനായി രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി. ജെ. കുര്യൻ എം.പി.യുടെ പ്രാദേശികഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചു. ഈ തുകയോടൊപ്പം അദ്ധ്യാപകരും അഭ്യുദയകാംക്ഷികളും നൽകിയ തുകയും പുതിയ ഓഫീസ് സമുച്ചയനിർമ്മാണത്തിന് ഉപയോഗിച്ചു. ശ്രീ. പി. ജെ. കുര്യൻ എം.പി.യോടുള്ള നന്ദി അറിയിക്കുന്നു.

ഒരു ചെറിയ യു.പി. സ്കൂളായി പ്രവർത്തനമാരംഭിച്ച്, 30 അദ്ധ്യാപകരും 4 അനദ്ധ്യാപകരും മലയാളം-ഇംഗ്ലീഷ് മീഡിയങ്ങളിലായി 20 ഡിവിഷനുകളും 1000 ത്തിൽ പരം വിദ്യാർത്ഥികളും അധ്യയനം നടത്തുന്ന ഈ സ്കൂൾ പുനലൂർ വിദ്യാഭ്യാസജില്ലയിലെ പാഠ്യ-പാഠ്യേതരവിഷയങ്ങളിൽ ഏറെ ദൂരം മുന്നിൽ നിൽക്കുന്ന ഒരു ഹൈസ്കൂളായി പ്രവർത്തിച്ചു വന്നു.

കരവാളൂർ പ്രദേശത്തിന്റെ സാംസ്കാരിക-വിദ്യാഭ്യാസ പുരോഗതിയ്ക്ക് ചുക്കാൻ പിടിക്കുന്ന ഈ വിദ്യാലയത്തെ ഉന്നതിയിലേക്ക് നയിച്ച പ്രഥമാധ്യാപകർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, രക്ഷാകർത്താക്കൾ, പി.ടി.എ. അംഗങ്ങൾ, മാനേജ്മെന്റ്, ബഥേൽ മാർത്തോമ്മാ ഇടവക വികാരിമാർ, അംഗങ്ങൾ, നാട്ടുകാർ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവർക്കും അതിലുപരിയായി സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കട്ടെ.

## പൊതുലക്ഷ്യങ്ങൾ

**പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിലൂടെ നേടാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ:**

1. സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട ശേഷി ഉറപ്പുവരുത്തുക.
2. ഓരോ ക്ലാസിലും നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കളേയും സമൂഹത്തേയും അറിയിക്കുക.
3. സർഗപരവും കായികപരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് അന്തർദ്ദേശിയതലത്തിൽ അഞ്ച് കുട്ടികളെയെങ്കിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
4. മലയാളം, ഇംഗ്ലീഷ്, ഹിന്ദി - വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
5. മതനിരപേക്ഷ,ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗത്തിനും ഉറപ്പ് വരുത്തുക.
6. അക്കാദമികമികവിനുപകരിക്കുന്ന വിധത്തിൽ ദീർഘകാലപരിപ്രേക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക.
7. അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെ ഓരോ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തുക.
8. അദ്ധ്യാപനവും അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിനുതകുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്

1. മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
5. ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ, താൽക്കാലിക താമസക്കാർ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ: വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ അവതരിപ്പിച്ചു.ചർച്ച ചെയ്തു.
2. വികസനാവശ്യങ്ങൾ ക്ലാസ്, വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കി അവതരിപ്പിച്ചു.
3. കരട് രൂപരേഖ എസ്.ആർ.ജി. ,പി.ടി.എ., എം.പി.ടി.എ. തുടങ്ങിയവരുടെ മീറ്റിംഗിൽ അവതരിപ്പിച്ചു. കൂട്ടിച്ചേർക്കലുകൾ നടത്തി.
4. പി.ടി.എ.യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കി.

## നിലവിലെ അവസ്ഥാവിശകലനം

**ഭൗതികം - നേട്ടങ്ങൾ:**

1. സ്കൂൾ മാനേജ്മെന്റ്, എം. പി. ഫ്., അദ്ധ്യാപകൻ, അഭ്യുദയകാംക്ഷികൾ, പി.ടി.എ. എന്നിവരുടെ സഹകരണത്തോടെ നിർമ്മിച്ച കെട്ടിടത്തിൽ ക്ലാസ്മുറികൾ ഹൈടെക് സംവിധാനത്തിന് സജ്ജമാക്കൽ.
2. പൂർവവിദ്യാർത്ഥികളുടെ സഹകരണത്തോടെ സ്റ്റേറിംഗ് നവീകരണം.
3. അധ്യാപകരുടെ സഹായത്തോടെ സ്കൂൾ ബസ്.
4. കമ്പ്യൂട്ടർ ലാബ്.
5. കൃഷിത്തോട്ടം- തരിശായിക്കിടക്കുന്ന സ്ഥലത്ത് കൃഷി.

**ഭൗതികം -പ്രശ്നങ്ങൾ:**

1. അടച്ചുറപ്പുള്ള - ക്ലാസ് മുറികൾ കുറച്ച് കൂടി വൃത്തിയാക്കൽ.
2. മഴവെള്ളസംഭരണി.
3. ഭക്ഷണശാല.
4. ഓപ്പൺ എയർ ഓഡിറ്റോറിയം
5. മാലിന്യസംസ്കരണ പ്ലാന്റ്
6. സി.സി.ടി.വി. ക്യാമറ പ്രവർത്തനം
7. വെൻഡിംഗ് മെഷീൻ, ഇൻഡിനേറ്റർ
8. ചിൽഡ്രൻസ് പാർക്ക്
9. ചുറ്റുമതിൽ പണി
10. വിശാലമായ കളിസ്ഥലനവീകരണം

**സാമൂഹികം - നേട്ടങ്ങൾ:**

1. പി.ടി.എ. പ്രവർത്തനങ്ങൾ
2. പൂർവ്വവിദ്യാർത്ഥി, അദ്ധ്യാപകസംഗമങ്ങൾ
3. കൗൺസിലിംഗ് ക്ലാസുകൾ ആഴ്ചയിൽ ഒരു ദിവസം
4. ബാലജനസഖ്യം, നല്ലപാഠം എന്നിവയിലൂടെയുള്ള സന്നദ്ധസംഘടനാപ്രവർത്തനങ്ങൾ
5. ക്ലാസടിസ്ഥാനത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള സാമ്പത്തികപിന്തുണ
6. പഠനത്തിൽ പിന്നോക്കംനിൽക്കുന്ന കുട്ടികൾക്കായുള്ള പ്രത്യേക ക്ലാസുകൾ
7. ട്രാഫിക്,ശുചിത്വ ബോധവൽക്കരണക്ലാസുകൾ
8. സ്കൂൾ പത്രം
9. ജനമൈത്രി പോലീസ്

**സാമൂഹികം - പ്രശ്നങ്ങൾ:**

1. ശിഥില കുടുംബബന്ധങ്ങൾ
2. ലഹരിയുടെ അമിത ഉപയോഗം
3. നവമാധ്യമങ്ങളുടെ സ്വാധീനം

**അക്കാദമികം നേട്ടങ്ങൾ:**

1. എസ്.എസ്.എൽ.സി. 100% വിജയം
2. കലാ-കായിക സംസ്കൃതോത്സവങ്ങളിൽ സബ് ജില്ല, ജില്ല. സംസ്ഥാനതല നേട്ടങ്ങൾ
3. ശാസ്ത്ര,സാമൂഹ്യശാസ്ത്ര, ഗണിതശാസ്ത്ര, ഐ.ടി., പ്രവർത്തിപരിചയ മേളകളിലെ നേട്ടങ്ങൾ
4. ജൂനിയർ റെഡ്ക്രോസ് യൂണിറ്റ് രൂപീകരണം-ജീവകാരുണ്യപ്രവർത്തനങ്ങളിലെ സാന്നിദ്ധ്യം
5. സ്കൗട്ട് -യൂണിറ്റ്തല പ്രവർത്തനങ്ങൾ പരിശീലനം നേടിയ അദ്ധ്യാപകർ വഴി
6. യോഗ, കരാട്ടെ പ്രത്യേക പരിശീലനം
7. ലൈബ്രറി- ലാബുകൾ
8. സി.പി.ടി.എ., കോർണർ, പി.ടി.എ., എം.പി.ടി.എ.
9. ക്ലബ്ബുകൾ - എല്ലാ വിഷയങ്ങളിലും
10. പഠനത്തിൽ പ്രത്യേകപരിഗണനയർഹിക്കുന്ന കുട്ടികൾക്കായി പരിശീലനം സിദ്ധിച്ച അദ്ധ്യാപികയുടെ സേവനം
11. 'ശ്രദ്ധ', ' മലയാളത്തിളക്കം', ' നവപ്രഭ'
12. പഠന,വിനോദയാത്രകൾ

**അക്കാദമികം: പ്രശ്നങ്ങൾ:**

1. അൺഎയ്ഡഡ് സ്കൂളുകളുടെ അതിപ്രസരം
2. അൺഎയ്ഡഡ് സ്കൂളുകൾ ഉയർത്തുന്ന ഭീഷണികൾ
3. പത്രമാധ്യമങ്ങളിലെ പരസ്യങ്ങൾ
4. സി.ബി.എസ്.ഇ. സിലബസിനോടുള്ള അമിതമായ അഭിനിവേശം
5. സിലബസ് ഏകീകരണമില്ലായ്മ

## മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

**അക്കാദമികം**

- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- എസ്. ആർ. ജി. ശാക്തീകരണം
- ശാസ്ത്രാഭിരുചി വളർത്തൽ
- ഗണിതലാബ്
- മെഡിക്കൽ ക്യാമ്പ്
- ചുറ്റുമതിൽ
- കളിസ്ഥലം
- ചിൽഡ്രൻസ് പാർക്ക്
- ക്ലാസ്മുറികൾ
- ഡൈനിംഗ് ഹാൾ
- ജന്മദിനത്തിനൊരു പുസ്തകം
- എന്റെ വീട്ടിൽ ഒരു കൃഷിത്തോട്ടം
- ഭാഷോത്സവം

**സാമൂഹികം**

- പൂർവവിദ്യാർത്ഥീസംഘടനയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ
- വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
- വിദ്യാലയവിഭവങ്ങൾ സമൂഹത്തിനു കൂടി പങ്കിടൽ
- ഭവനസന്ദർശനം

## മേഖല :അക്കാദമികം

### ഉപമേഖല: മലയാളം

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ(മലയാളത്തിളക്കം)
2. കുട്ടികളെ മികച്ച വായനക്കാരാക്കുക(വായനക്കൂട്ടം)
3. കുട്ടികളെ മികച്ച എഴുത്തുകാരാക്കുക(എഴുത്തുകൂട്ടം)

### ഉപമേഖല: ഇംഗ്ലീഷ്

1. **Inclulcate the habit of listening in children**
2. **Cultivate the habit of reading in the students**
3. **Develop the writing skill in all the students**
4. **Develop the Communicative will in students.**

### ഉപമേഖല: ഹിന്ദി

1. ഹിന്ദി തിരിച്ചറിയൽ കാർഡ്
2. ഹഫ്താ കെ. ശബ്ജ്
3. ക്ലാസ്സ് ലൈബ്രറി

### ഉപമേഖല: സംസ്കൃതം

1. സംസ്കൃതം ദിനാചരണം
2. കുട്ടികളിലൂടെ സംയുക്തപഠനം
3. സംഭാഷണശിബിരം

### ഉപമേഖല: അടിസ്ഥാനശാസ്ത്രം

1. പ്രീ-ടെസ്റ്റ് ശാസ്ത്രവിവരശേഖരണം
2. പരിഹാരബോധനം
3. ജൈവവൈവിദ്ധ്യപാർക്ക്

**ഉപമേഖല: ഫിസിക്സ്, കെമിസ്ട്രി, ബയോളജി**

1. ശാസ്ത്രത്തിൽ വൈഭവമുള്ള കുട്ടികൾക്ക് പ്രത്യേകപിന്തുണ
2. പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേകപരിഗണന
3. ശാസ്ത്രപഠനം സാമൂഹികമുന്നേറ്റത്തിന്.

**ഉപമേഖല: സോഷ്യൽ സയൻസ്**

1. പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ
2. മികച്ച സാമൂഹ്യശാസ്ത്രപഠിതാവ്, കുട്ടികളെ അവരുടെ ക്ലാസിലെ പാഠപുസ്തകങ്ങൾ വായിക്കാനും ഉത്തരങ്ങൾ കണ്ടെത്താനും പ്രാപ്തനാക്കുക.

**ഉപമേഖല: അടിസ്ഥാനഗണിതം**

1. ഗണിത ലൈബ്രറി
2. പ്രീടെസ്റ്റ്
3. ഐ.സി.ടി. ഗണിതലാബ് ക്രമീകരിക്കുക
4. ‘ ശ്രദ്ധ’ പ്രോജക്റ്റ് വിപുലീകരിക്കുക.

**മേഖല : അക്കാദമികം**

**ഉപമേഖല: മലയാളം**

## അക്കാദമിക പ്ലാൻ - മലയാളം

| ക്രമ ന. | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ(മലയാളത്തിളക്കം) | 1.പ്രീ-ടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കൽ<br>3.അക്ഷരകാർഡ് നൽകൽ<br>4.വാക്കുകൾ എഴുതിയ കാർഡ്<br>5.വാക്കുകൾ നിർമ്മിക്കുക<br>6.വാക്യങ്ങൾ നിർമ്മിക്കൽ<br>7.ചിത്രം - അടിക്കുറിപ്പ്<br>8.ചിത്രം -കഥപറയൽ<br>9.ചിത്രം - കഥയെഴുതൽ<br>10.കഥ- വാക്കെഴുതൽ<br>11.കഥാപുസ്തകം<br>12.സി.ഡി.യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>13.ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br><br>Aug-Sep. | പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA<br><br>BRC<br>IED - Trainer<br>PTA |

| | | | | | |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1.ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2.വായനാമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>3.സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4.സമീപഗ്രന്ഥശാല അംഗത്വം<br>5.വായനോത്സവം സംഘടിപ്പിക്കൽ<br>6.പത്രവായന<br>7.അമ്മവായന<br>8.പുസ്തകചർച്ച<br>9.വായനാനുഭവം പങ്കുവെയ്ക്കൽ<br>10.വായനക്കുറിപ്പ് പതിപ്പ്<br>11.വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>12.ക്ലാസ് സഭ, സ്കൂൾസഭ, ബാലസഭ<br>13.ദിനാചരണങ്ങൾ<br>14.ആകാശവാണി ക്ലബ്ബ്<br>15.സാഹിത്യകാരുമായുള്ള അനുഭവം<br>16.ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനകളും<br>17.പുസ്തകമൊരുക്കൽ | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ഗ്രന്ഥശാല<br>പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനമുറി | BRC<br>DIET<br>ഗ്രന്ഥശാല<br>SCERT<br>PTA<br>BRC |

| | | | | | |
|---|---|---|---|---|---|
| | | **18.**കാവ്യക്കൂട്ടം<br>**19.**ഇ-വായന | | ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | |
| **3.** | കുട്ടിയെ മികച്ച എഴുത്തുകാരൻ /കാരി ആക്കുക<br>(എഴുത്തുകൂട്ടം) | **1.**എഴുത്തുകൂട്ട രൂപീകരണം<br>**2.**പുസ്തകചർച്ച<br>**3.**ക്ലാസ് ലൈബ്രറി<br>**4.**വായനക്കുറിപ്പ് പതിപ്പ്<br>**5.**സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>**6.**വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>**7.**ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>**18.**സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>**9.**എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>**10.**വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>**11.**ബാലസഭ<br>**12.**പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>**13.**വ്യക്തിഗതരചന, സംഘരചന | **6** മാസം | ലൈബ്രറി<br>പുസ്തകങ്ങൾ | **BRC**<br>**DIET**<br>**SCERT**<br>**PTA**<br>**BRC**<br>ജനപ്രതിനിധി<br>**PTA**<br>**Teachers** |

| | | | | | |
|---|---|---|---|---|---|
| | | 14.ഭാഷാ പ്രോജക്ട് 15.സാഹിത്യകാരുമായുള്ള സംവാദം 16.രചയിതാക്കളെ പരിചയപ്പെടൽ 17.സാഹിത്യ, സാംസ്കാരിക ചിത്രഗാലറി | | ജീവചരിത്ര പുസ്തകങ്ങൾ ഗ്രന്ഥശാല **Auditorium** ഫോട്ടോകൾ പുസ്തകങ്ങൾ | |

# പ്രൊജക്റ്റ് മലയാളം

**ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം)**

**മികച്ച വായനക്കാർ (വായനക്കൂട്ടം)**

**മികച്ച എഴുത്തുകാർ (എഴുത്തുകൂട്ടം)**

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹദ്വചനത്തിന് വേണ്ടി വിദ്യാർത്ഥിസമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേയ്ക്ക് നയിക്കാൻ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനക്കാരാക്കുക. ഒപ്പം മികച്ച എഴുത്തുകാരാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെക്കൂടി മുഖ്യധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമായി വിദ്യാലയത്തെ ഒരു പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതനസംരംഭം. 2017-18 അധ്യയനവർഷം മൈലക്കാട് UPS BRC യുടെയും, DIET-ന്റെയും SCERT-യുടെയും സഹകരണത്തോടെ ഏറ്റെടുക്കുന്ന ഒരു പ്രോജക്റ്റ്.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- അമ്മവായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾസഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക

- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയിലൂടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക.
- സാഹിത്യകാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ.
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ.

**പ്രവർത്തനങ്ങൾ**

1. **മലയാളത്തിളക്കം (Pre-test)**

   പ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തി മികവിലേയ്ക്ക് നയിക്കുന്നു.

2. **അക്ഷരം ഉറപ്പിക്കൽ (1 month)**

   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. **അടയാളങ്ങൾ ഉറപ്പിക്കൽ**

   ചിത്രസഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. **അക്ഷരക്കാർഡ്, വാക്യങ്ങൾ എഴുതിയ കാർഡ്**

   അക്ഷരക്കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. **ചിത്രം - അടിക്കുറിപ്പ്**

   ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. **കഥ-ബാക്കി പറയൽ - എഴുതൽ**

   ഒരു കഥയുടെ കുറച്ചു ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു.

7. **കഥാപുസ്തകം നൽകൽ**

   വായനക്കുറിപ്പു തയ്യാറാക്കൽ

8. **സി.ഡി. പ്രദർശനം**

   ചിത്രങ്ങൾ അടങ്ങിയ സി.ഡി. പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം- എഴുതാനവസരം.

9. **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

   ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ്, ഐ.ഇ.ഡി. അധ്യാപകരുടെ സേവനം.

**10. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ**

ക്ലാസിലെ മുഴുവൻ കുട്ടികളേയും 5 പേർ അടങ്ങുന്ന ഗ്രൂപ്പാക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനാക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം(പാഠപുസ്തകവുമായി ബന്ധപ്പെട്ടവ) എന്നിവയെക്കുറിച്ചുള്ള ചർച്ച, വായനാക്കുറിപ്പ്, അസംബ്ലി, ആകാശവാണി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

**11. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ യു.പി. വിഭാഗത്തിലെ കുട്ടികൾക്ക് വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

**12. സ്കൂൾ ലൈബ്രറി നവീകരണം**

കുട്ടി ലൈബ്രേറിയൻ- പുസ്തകവിതരണ രജിസ്റ്റർ, പുസ്തകവിതരണം, പുസ്തകങ്ങളുടെ ശരിയായ രീതിയിലുള്ള ക്രമീകരണം. ജന്മദിന പുസ്തകശേഖരണം.

**13. പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ. വായന - എഴുത്ത്, പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്).

**14. അമ്മവായന**

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തിരഞ്ഞെടുക്കാനവസരം - വായനാമുറി– വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം. അമ്മ സാഹിത്യസമാജം രൂപീകരിക്കൽ, ശിൽപ്പശാല.

**15. പുസ്തകചർച്ച, - വായനാനുഭവം പങ്കുവെയ്ക്കൽ**

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ, മാസത്തിൽ ഒരു ദിവസം.

**16. വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

**17. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് എന്നിവ മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങളുടെ ആസൂത്രണം, പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം. വിവിധ മൽസരങ്ങൾ സംഘടിപ്പിക്കൽ. സാഹിത്യകാരരെ ക്ഷണിക്കൽ.

**18. ക്ലാസ്, സ്കൂൾ ബാലസഭകൾ**

ഓരോ ക്ലാസ്സിലും സ്കൂളിലും ബാലസഭാരൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയപ്പെടുത്തൽ, പ്രകാശനം, അവതരണം. വിദ്യാലയത്തിനു പുറത്ത് ബാലസഭകൾ രൂപീകരിക്കൽ, പൊതുജന പങ്കാളിത്തം, സാഹിത്യകാരരുടെ സാന്നിദ്ധ്യം.

**19. ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മൽസരങ്ങളും സംഘടിപ്പിക്കുന്നു.

**20. ആകാശവാണി ക്ലബ്ബ്**

കുട്ടികളുടെ സർഗാത്മകവികാസത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാളെ കണ്ടെത്തൽ.

**21. സാഹിത്യകാരരുമായുള്ള സംവാദം, അഭിമുഖം**

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തകരചനാതന്ത്രങ്ങൾ അറിയാൻ, കഥാകവിതകളുടെ സൃഷ്ടി മനസ്സിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

**22. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത. വായന പ്രോൽസാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മൽസരങ്ങൾ

**23. വായനസാമഗ്രികൾ വികസിപ്പിക്കൽ**

യു.പി. കുട്ടികൾക്കായുള്ള വായനസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും, രക്ഷകർത്താക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശിൽപ്പശാല സംഘടിപ്പിക്കൽ.

**24. ഇ-വായന - സാധ്യത കണ്ടെത്തൽ**

വിക്കീപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണ്യം. വായനക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം, ഇ-

പേപ്പറുകൾ പരിചയപ്പെടൽ, വിവിധ കൃതികളുടെയും കഥകളുടെയും കവിതകളുടെയും വീഡിയോ ആവിഷ്കാരങ്ങൾ കാണൽ.

**25. വായനക്കൂട്ടം - എഴുത്തുകൂട്ടം – മോണിറ്ററിംഗ്**

അദ്ധ്യാപകർ, കുട്ടിപ്രതിനിധി, രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ, BRC, DIET അദ്ധ്യാപകർ, മറ്റ് സ്കൂളിലെ അദ്ധ്യാപകർ എന്നിവരുടെ സേവനം.

**26. കാവ്യക്കൂട്ടം**

കുട്ടികളുടെ കവിതകൾ, അദ്ധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരർ മുതലായവരെ സംഘടിപ്പിച്ച് കാവ്യക്കൂട്ടം സംഘടിപ്പിക്കുന്നു.

**27. എഴുത്തുകൂട്ട രൂപീകരണം**

കുട്ടികളെ 5 വീതം എഴുത്തുകൂട്ടങ്ങളാക്കുന്നു. വ്യക്തിഗതരചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏതു സാഹിത്യവിഭാഗത്തിൽ എന്ന് മനസ്സിലാക്കുന്നു., മോണിറ്ററിംഗ് നടത്തുന്നു.ചർച്ച ചെയ്യുന്നു.

**28. സഞ്ചരിക്കുന്ന ആസ്വദനക്കുറിപ്പ് പുസ്തകം**

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാക്കുമ്പോൾ അദ്ധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പറയണം.

**29. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ**

മലയാളസാഹിത്യത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ. വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറിപുസ്തകങ്ങൾ ലിസ്റ്റ് ചെയ്യൽ. വിവിധ മേഖലയിലുള്ള സൃഷ്ടികൾ പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യസൃഷ്ടി നടത്തൽ, വിവിധ സാഹിത്യമേഖലയിലുള്ള വ്യക്തികളുടെ ആഗമനം, സംവാദം, അഭിമുഖം.

**30. ഭാഷാ പ്രോജക്ടുകൾ**

ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനയ്ക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു.

**31. രചയിതാക്കളെ പരിചയപ്പെടുത്തൽ**

അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ, സംഭാവന, സവിശേഷത -ഇവ പരിചയപ്പെടുത്തണം. രചയിതാക്കളുടെ ജനനമരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം- ജൂലൈ - ബഷീർ, ആഗസ്റ്റ് - എസ്. കെ. പൊറ്റക്കാട് എന്നിങ്ങനെ) ആചരണങ്ങൾ.

**32. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**

**BRC, IED Teachers** എന്നിവരുടെ സഹായത്തോടു കൂടി ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം നടപ്പിലാക്കൽ, പ്രോത്സാഹനം, പ്രഗത്ഭരുടെ സേവനം.

**33. സാഹിത്യ,സാംസ്കാരിക ചിത്രഗ്യാലറി**

സാഹിത്യകാരരുടെ ചിത്രങ്ങൾ. പുസ്തകങ്ങൾ മഹദ്വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല - ഭാഷാപഠനം**

**ഉപമേഖല - മാതൃഭാഷാപഠനം എച്ച്.എസ്.**

**ലക്ഷ്യങ്ങൾ:**

- കവിതകൾ, വായന, ആസ്വാദനം, ശേഖരണം, കൃതികളുടെ സാമൂഹ്യപശ്ചാത്തലം, ജീവിതവീക്ഷണം, ഭാഷ എന്നിവ പറയുന്നു. എഴുതുന്നു, അവതരിപ്പിക്കുന്നു.
- കഥ പറയൽ, അഭിനയം, പ്രഭാഷണം എന്നിവയ്ക്കുള്ള അവസരം കുട്ടികൾക്ക് ഉറപ്പാക്കുക.
- ലഘുനാടകങ്ങൾ എഴുതാനും അഭിനയിക്കാനും അവസരം നൽകൽ.
- ദിനാചരണങ്ങൾ, കവിപരിചയം, ജീവചരിത്രലേഖനം ഇവയ്ക്കുള്ള അവസരം നൽകൽ.

**പ്രവർത്തനങ്ങൾ**

- കവിത ഈണം കണ്ടെത്തൽ, സംഗീതം നല്കി അവതരണം, ആസ്വാദനക്കുറിപ്പു തയ്യാറാക്കൽ, കവിപരിചയം, കൃതികൾ പട്ടികപ്പെടുത്തൽ, ഐ.സി.ടി. സാദ്ധ്യത പ്രയോജനപ്പെടുത്തൽ, പാഠഭാഗവുമായി ബന്ധപ്പെടുത്തിയുള്ള സിനിമാപ്രദർശനം.
- കവിത, റെക്കോർഡ് ചെയ്തു കുട്ടികളെ കേൾപ്പിക്കുന്നു
- ഗദ്യപഠനം - സംഗ്രഹം തയ്യാറാക്കൽ, ചോദ്യാത്തരങ്ങൾ തയ്യാറാക്കുന്നു. വിഗ്രഹാർത്ഥം, തദ്ധിതം, അനുപ്രയോഗങ്ങൾ തുടങ്ങിയ വ്യാകരണ കാര്യങ്ങൾ അറിയിക്കുന്നു.
- ലഘുനാടകങ്ങളാക്കൽ
- കൈയെഴുത്തുമാസിക
- ഭാഷാ പഠനരേഖ (നോട്ട് ബുക്ക്)
- വിദ്യാരംഗം ക്ലബ്ബ് പ്രവർത്തനങ്ങൾ
- കവിയരങ്ങ്
- കഥാശില്പശാല
- ഐ.സി.ടി. ഉപയോഗം കാര്യക്ഷമമാക്കൽ
- പ്രശ്നോത്തരി
- നവപ്രഭ, ശ്രദ്ധ തുടങ്ങിയ സായാഹ്നക്ലാസുകളിലൂടെ കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കുന്നു.
- നോട്ടീസ്,പോസ്റ്റർ നിർമാണങ്ങൾ, സംവാദം സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ.

# അക്കാദമിക പ്ലാൻ - മലയാളം

| **പ്രവർത്തനങ്ങൾ** | **വിശദാംശങ്ങൾ** | **സമയം** | **ചുമതല** |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് | മാതൃഭാഷയിൽ എഴുത്ത്, വായന തുടങ്ങിയവയിൽ കഴിവ് നേടൽ. | ജൂൺ 2018 | മലയാളം അദ്ധ്യാപകരുടെ മേൽനോട്ടം |
| ലൈബ്രറി പുസ്തകങ്ങൾ | ഓരോ ആഴ്ചയിലും ലൈബ്രറി പുസ്തകങ്ങളുടെ ശേഖരണം വായന. | | |
| അസംബ്ലി | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സാഹിത്യകാരൻമാരുടെ ജന്മദിനം ചരമദിനം ഇവ ഓർക്കുന്നു. വാർത്താവായന, കവിത ചൊല്ലൽ, മഹദ്വചനങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. | | |
| വായന | പുസ്തകങ്ങൾ വായിക്കുന്നു. മികച്ച വായനക്കാരെ തെരഞ്ഞെടുത്തു സമ്മാനം നൽകുന്നു. | | |
| പ്രോജക്ട്<br>സെമിനാർ സംവാദം | ഓരോ ടേമിലും പ്രൊജക്റ്റ്, സെമിനാർ സംവാദം എന്നിവ ആസൂത്രണം ചെയ്ത് അവതരിപ്പിക്കുന്നു. | | |

| | | | |
|---|---|---|---|
| വിദ്യാരംഗം | കുട്ടികളെ കഥ, കവിത, ഉപന്യാസം എന്നീ എഴുത്തുമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | | |
| നവപ്രഭ<br>ശ്രദ്ധ | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂൾ ടൈമിനു ശേഷം ക്ലാസ്സുകൾ എടുക്കുന്നു. എഴുതുവാനും, വായിക്കുവാനും പരിശീലിപ്പിക്കുന്നു. | | |
| സിനിമാ പ്രദർശനം | പാഠഭാഗവുമായി ബന്ധപ്പെട്ട സിനിമകൾ പ്രദർശിപ്പിക്കുന്നു | | |
| ഭാഷാപഠനരേഖ | മലയാളത്തിലെ പ്രവർത്തനങ്ങളെല്ലാം ഭാഷാപഠനരേഖയിൽ എഴുതുന്നു. അദ്ധ്യാപിക നോക്കി ശരിയാക്കി കൊടുക്കുന്നു. | | |
| ക്ലബ്ബ് പ്രവർത്തനം | മാസത്തിൽ ഒരിക്കൽ വിദ്യാരംഗം ക്ലബ്ബ് കൂടി കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ | | |
| തളിര്, അക്ഷരമുറ്റം | ക്വിസ് പരിക്ഷകൾ നടത്തി ഒന്നും രണ്ടും സമ്മാനങ്ങൾ നേടിയവരെ ജില്ലാതല മത്സരത്തിന് അയച്ചു. | | |

| | | | |
|---|---|---|---|
| നിരന്തരമൂല്യനിർണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br><br>ഐ.ഇ.ഡി.എച്ച്.ഡി. കുട്ടികളെ കൂടുതൽ പരിഗണിക്കുന്നു. അവർക്ക് ചില പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നുണ്ട്. ഉദാ. ചിത്രം വരയ്ക്കൽ കോപ്പി എഴുത്ത് തുടങ്ങിയവ. | ടേം മൂല്യനിർണയത്തിനു കൂടുതൽ പ്രാധാന്യം നൽകി പഠനപുരോഗതി വിലയിരുത്തുന്നു. പഠനനേട്ടങ്ങൾ കൈവരിച്ചുവോ എന്ന് ഉറപ്പു വരുത്തുന്നു. ആവശ്യമെങ്കിൽ തുടർപ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | | |

# പദ്ധതി വിശദാംശങ്ങൾ

## ഭാഷാവികസനം

എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനുമുള്ള ശേഷി കൈവരിക്കുന്നതിനുവേണ്ടി ഞങ്ങൾ ചില പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

**പ്രവർത്തനം: 1**

രാവിലെ 9 മുതൽ 10 വരെയും വൈകുന്നേരം 4 മുതൽ 4.50 വരെ എഴുതാനും വായിക്കാനും അറിയാത്ത കുട്ടികളെ തിരഞ്ഞെടുത്ത് ആധുനികസാങ്കേതികവിദ്യകളുടെ സഹായത്തോടെ അവർക്ക് പ്രത്യേക പരിശീലനം നൽകാനും ഓരോ മാസവും മൂല്യനിർണയം നടത്താനും തീരുമാനിച്ചിരിക്കുന്നു.

**പ്രവർത്തനം: 2**

ലൈബ്രറിയിലെ പുസ്തകങ്ങൾ ക്ലാസനുസരിച്ച് ഓരോ മാസവും കുട്ടികൾക്ക് നൽകി വായനക്കുറിപ്പ് എഴുതാനും ഏറ്റവും നല്ല വായനക്കുറിപ്പ് തിരഞ്ഞെടുത്ത് കുട്ടികളെ അനുമോദിക്കൽ, സാഹിത്യാഭിരുചിയുള്ള കുട്ടികൾക്ക് കഥയെഴുതാനും കവിതയെഴുതാനുമുള്ള അവസരങ്ങൾ നൽകൽ, നല്ല കൈയെഴുത്ത് മാസിക തയ്യാറാക്കുന്ന ക്ലാസിനുള്ള സമ്മാനവിതരണം, നല്ല പ്രസംഗങ്ങൾ നടത്തുന്ന കുട്ടികളെ ദേശീയതലത്തിൽ പങ്കെടുപ്പിക്കൽ, ഓരോ ക്ലാസ്സിലും ലൈബ്രറി ഒരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുന്നു.

## മേഖല: അക്കാദമികം -ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1.പ്രീടെസ്റ്റ് നടത്തി വിദ്യാർത്ഥികളുടെ മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br><br>2.പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ.<br>3.ഇംഗ്ലീഷിലുള്ള അസംബ്ലി<br><br>4.ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ്<br>5.ഒരു ദിവസം ഒരു ഭാഷാപരിപാടി (എല്ലാ ക്ലാസ്സിലും)<br><br>6. ക്ലാസ് ലൈബ്രറി (ഇംഗ്ലീഷ്) വായനാ സാമഗ്രികൾ, ലഘുവായനാപുസ്തകങ്ങൾ, പത്രം, ഇംഗ്ലീഷ് തീയറ്റർ, പതിപ്പുകൾ.' | ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഒരു കുട്ടിയിൽ നിന്ന് 25 രൂപ |

## English Academic Plan - short Term

| Aim | Activities | Duration | External aids/Responsibilities | Financial support |
|---|---|---|---|---|
| Inculcate the habit of listening in Children | To increase the attention of Children<br><br>Gives chances for children to audio cassettes on rhymes, conversation, speeches etc.<br><br>Word games are conducted after listening to the rhymens | 0-2 weeks | Rsponsible person gives opportunity for listen to simple rhymes, radio news report, speeches of eminent personalities | Class PTA |
| Children are asked to develop the habit of speaking | Learners are asked to re-cite the poem in chorus af-ter the teacher | 2-4 weeks | Children seeks the help of English teacher | PTA |
| To enable the children speak easily and fearlessly | Teacheer writes down a rhyme or two on chart pa-per and recites children re-cites following the teacher. | 2-4 weeks | Chart paper<br><br>Audio Cassette player | PTA |
| To practice speaking | Musical chair reciting the rhyme on colours bits of paper on which colours are written. Each | | Music from google or audio cassette | H.M., PTA |

| | | | | |
|---|---|---|---|---|
| | children while sittinstakes the pa-per and speaks about the colour or something based on it | | | |
| Cultivate the habbit of reading in the students | Activities to increase the vocabulary of the students | | Dictionary | HM<br>PTA |
| | Maintain a personal'word do ary' for all students | 1-2 months | Use texts collected | Class PTA |
| | Maintain a class library with the contribution from children | Next 3 months | | |
| | Present a headline of the daily they read | | English teacher | |
| | Students present the favourite partion of the lessonsand their related articles in the class | Next 2 months | | |
| Develop the writing skil in all the students | Preperation of class Magazine | Next one month | Class and English teacher | |
| | Discussion about leading writers, award winning writers and thir style. Each student maintain a school diary notes. | Next Academic year first 2 months | English Teacher | |

| | | | | |
|---|---|---|---|---|
| Caption writing<br><br>Comic script<br><br><br><br><br>Develop the communicative skill in students<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>Develop the | Conducting story writing and poem writing competition<br><br>**Preparation of Scripts**<br><br>Preperation of Interview, Panel discussion.<br>Students conduct interview with eminent personalities<br><br>Communicate in English dur-ing English periods<br><br>Conduct debate/discussion on socially relevant issues or sensational news<br><br>Conduct School Assembly in English | Next Academic year first 2 months<br><br><br><br>Next 3 Months<br>“<br><br><br>Next 2 months<br><br><br>Next 2 months<br><br><br>“ | English Teacher<br><br><br><br><br>Find Important Persons in the Locality<br><br><br>English teacher<br><br><br>English teacher | |

| | | | | |
|---|---|---|---|---|
| performance skill in students | Presentation of the short dramas in their texts<br><br>Presentation of choreography of the poems they | Next 2 months<br><br>“ | English teacher and Arts teacher | School/PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല - ഭാഷാപഠനം**

**ഉപമേഖല - ഹിന്ദി ഭാഷാ പഠനം**

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
